സൂറഃ-7

# അൽ അഅ്റാഫ്

إِنَّ ٱلَّذِينَ ٱتَّقَوْا۟ إِذَا مَسَّهُمْ طَٰٓئِفٌ مِّنَ ٱلشَّيْطَٰنِ تَذَكَّرُوا۟ فَإِذَا هُم مُّبْصِرُونَ ﴿٢٠١﴾

**201.** പൈശാചിക സ്വാധീനത്താൽ വല്ല ദുർവിചാരവുമുണർന്നാൽ ഉടനെ ബോധവാന്മാരാവുകയും ഉൾക്കണ്ണുകൊണ്ട് ശരിയായ മാർഗം സ്വയം കാണുകയും ചെയ്യുന്നവരത്രെ യഥാർഥ ദൈവഭക്തന്മാർ.

وَإِخْوَٰنُهُمْ يَمُدُّونَهُمْ فِى ٱلْغَىِّ ثُمَّ لَا يُقْصِرُونَ ﴿٢٠٢﴾

**202.** എന്നാൽ ചെകുത്താന്റെ സഹോദരന്മാരോ, അവരെ ചെകുത്താന്മാർ വഴികേടിലേക്ക് വലിച്ചിഴക്കുന്നു. പിന്നെ അതിലവർ ഒരു വീഴ്ചയും വരുത്തുകയില്ല.

وَإِذَا لَمْ تَأْتِهِم بِـَٔايَةٍ قَالُوا۟ لَوْلَا ٱجْتَبَيْتَهَا ۚ قُلْ إِنَّمَآ أَتَّبِعُ مَا يُوحَىٰٓ إِلَىَّ مِن رَّبِّى ۚ هَٰذَا بَصَآئِرُ مِن رَّبِّكُمْ وَهُدًى وَرَحْمَةٌ لِّقَوْمٍ يُؤْمِنُونَ ﴿٢٠٣﴾

**203.** നീ ദൃഷ്ടാന്തമൊന്നും കൊണ്ടുവരാതിരുന്നപ്പോൾ അവർ ചോദിച്ചു: എന്തുകൊണ്ടൊരു ദൃഷ്ടാന്തം നീ തെരഞ്ഞെടുത്തില്ല? അവരോടു പറയുക: എന്റെ നാഥങ്കൽനിന്ന് ലഭിക്കുന്ന വെളിപാടുകളെ പിന്തുടരുക മാത്രമാകുന്നു ഞാൻ. ഈ ഖുർആൻ നിങ്ങളുടെ നാഥങ്കൽനിന്നുള്ള ജ്ഞാനപ്രകാശങ്ങളാകുന്നു; വിശ്വസിക്കുന്ന ജനത്തിന് മാർഗദർശനവും അനുഗ്രഹവുമായിട്ടുള്ളത്.

إِنَّ ٱلَّذِينَ ٱتَّقَوْا۟ = (യഥാർഥ ദൈവ) ഭക്തരായവർ إِذَا مَسَّهُمْ = അവരെ സ്പർശിച്ചാൽ (സ്വാധീനിച്ചാൽ)

طَٰٓئِفٌ = ഒരു ഭൂതം, ഭാവന (ദുർവികാരം) مِّنَ ٱلشَّيْطَٰنِ = ചെകുത്താനിൽനിന്നുള്ള

تَذَكَّرُوا۟ = അവർ സ്മരിച്ചു, ബോധവാന്മാരായി فَإِذَا هُم = ഉടനെ അവർ

مُّبْصِرُونَ = (ഉൾക്കണ്ണുകൊണ്ട് തങ്ങളുടെ ശരിയായ മാർഗം സ്വയം) കാണുന്നവരാകുന്നു

وَإِخْوَٰنُهُمْ = അവരുടെ (ചെകുത്താന്മാരുടെ) സഹോദരന്മാരോ

يَمُدُّونَهُمْ = അവർ (ചെകുത്താന്മാർ) അവരെ സഹായിക്കുന്നു (വലിച്ചിഴക്കുന്നു) فِى ٱلْغَىِّ = വഴികേടിലേക്ക്, അവിവേകത്തിലേക്ക്

ثُمَّ = പിന്നെ لَا يُقْصِرُونَ = അവർ (അതിൽ) വീഴ്ചവരുത്തുകയില്ല

وَإِذَا لَمْ تَأْتِهِم = നീ അവർക്കു കൊണ്ടുവരാതിരുന്ന(പ്പോൾ)ാൽ بِـَٔايَةٍ = ഒരു ദൃഷ്ടാന്തം(ന്തമൊന്നും) قَالُوا۟ = അവർ പറഞ്ഞു (ചോദിച്ചു)

لَوْلَا ٱجْتَبَيْتَهَا = (കൃത്രിമമായി ഉണ്ടാക്കിയില്ല) എന്തുകൊണ്ട് തെരഞ്ഞെടുത്തില്ല നീ അത് (ദൃഷ്ടാന്തം)

قُلْ = നീ(അവരോടു) പറയുക إِنَّمَآ أَتَّبِعُ = ഞാൻ പിന്തുടരുക മാത്രമാകുന്നു

مَا يُوحَىٰٓ إِلَىَّ = (എനിക്ക് ലഭിക്കുന്ന വെളിപാടുകളെ) എന്നിലേക്ക് വെളിപാട് നൽകപ്പെടുന്നത് مِن رَّبِّى = എന്റെ നാഥങ്കൽനിന്ന്

هَٰذَا = ഇത് (ഖുർആൻ) بَصَآئِرُ = ഉൾക്കാഴ്ചകളാകുന്നു (ജ്ഞാനപ്രകാശങ്ങളാകുന്നു)

مِّن رَّبِّكُمْ = നിങ്ങളുടെ നാഥങ്കൽനിന്നുള്ള وَهُدًى = സന്മാർഗദർശനവും

وَرَحْمَةٌ = കാരുണ്യം, അനുഗ്രഹവും (ആയിട്ടുള്ളത്) لِّقَوْمٍ يُؤْمِنُونَ = വിശ്വസിക്കുന്ന ജനത്തിന്

**201,202:** إِذَا مَسَّهُمْ طَٰٓئِفٌ എന്നതിനെ അവരെ ഭാവന അല്ലെങ്കിൽ വികാരം സ്പർശിച്ചാൽ എന്നും തർജമ ചെയ്യാവുന്നതാണ്. ചുറ്റുന്നത് എന്നാണ് **طائف** ന്റെ ഭാഷാർഥം. ഭാവന, വികാരം എന്ന് ഇതിന് പ്രയോഗാർഥമുണ്ട്. **طيف** എന്നാൽ ഭൂതം. പൈശാചിക പ്രകോപനമുണ്ടായാൽ അല്ലാഹുവിൽ ശരണം തേടണം എന്നുപദേശിച്ച ശേഷം ഈ സൂക്തത്തിൽ പറയുന്നതിതാണ്: അല്ലാഹുവിൽ ശരണം തേടണമെങ്കിൽ അത്തരം പ്രകോപനമുണ്ടായ ഉടനെ അല്ലാഹുവിനെ ഓർക്കണം. പൈശാചിക സ്വാധീനത്തിന് വിധേയരാവുകയും അബദ്ധങ്ങൾ ചെയ്തുപോവുകയും ചെയ്താൽ ഉടനെ അതേക്കുറിച്ച് ബോധവാന്മാരാവുക എന്നത് തഖ്‌വയുടെ ലക്ഷണമാണ്. സ്വകർമങ്ങളുടെ ന്യായാന്യായതയെക്കുറിച്ച് ചിന്തിക്കാതെ ഒന്നിനുപിറകെ ഒ

ന്നായി തെറ്റുകൾ ചെയ്തുകൂട്ടുന്നത് തഖ്‌വയില്ലായ്മയുടെയും. മുത്തഖികൾ സ്വകർമങ്ങളെ സദാ സ്വയം വിചാരണ ചെയ്തു കൊണ്ടിരിക്കും. അപ്പോൾ തന്നിലുള്ള മലക്കിന്റെ സ്വാധീനവും ചെകുത്താന്റെ സ്വാധീനവും തിരിച്ചറിയാനും തെരഞ്ഞെടുക്കാനും അവർക്കു സ്വയം സാധിക്കുന്നു.

വളരെ ദൈവഭക്തന്മാരും സൂക്ഷ്മതയുള്ളവരുമായ ആളുകളും ഇടക്ക് നൈമിഷികമായി ചെകുത്താന്റെ സ്വാധീനത്തിൽ പെട്ടുപോവുക അപൂർവമല്ല എന്നും ഈ സൂക്തം ധ്വനിപ്പിക്കുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ അത് സ്വയം കണ്ടെത്താനും തിരുത്താനുമുള്ള സന്മനസ്സാണ് തഖ്‌വ - ദൈവവിശ്വാസത്തിലധിഷ്ഠിതമായ സൂക്ഷ്മത. അതില്ലാത്തവർ ചെകുത്താന്റെ സ്വാധീനത്തിൽപെട്ടാൽ സ്വയം മനസ്സിലാക്കുകയോ അല്ലാഹുവിൽ ശരണം തേടി ശരിയായ നിലപാടിലേക്ക് തിരിച്ചുവരികയോ ചെയ്യുകയില്ല. അവർ ചെകുത്താന്റെ സഹോദരന്മാരായിത്തീരുന്നു. ചെകുത്താനാവട്ടെ യാതൊരു വീഴ്ചയുമില്ലാതെ അവരെ ഒരധർമത്തിൽനിന്ന് അതിനേക്കാൾ വലിയ അധർമങ്ങളിലേക്ക് തള്ളിക്കൊണ്ടേയിരിക്കും.

**203:** മുൻ സൂക്തത്തിൽ, ചെകുത്താന്റെ സഹോദരന്മാരായിത്തീരുന്നവരെ അവൻ വഴികേടുകളിൽനിന്ന് വഴികേടുകളിലേക്ക് പ്രചോദിപ്പിച്ചുകൊണ്ടിരിക്കുമെന്ന് പറഞ്ഞുവല്ലോ. അതിന് പ്രവാചകൻ നേരിട്ടനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരുദാഹരണം ചൂണ്ടിക്കാണിക്കുകയാണ്. പ്രവാചകൻ ദൈവികസൂക്തങ്ങൾ ഓതിക്കേൾപ്പിച്ചപ്പോൾ അതുൾക്കൊള്ളുന്ന സന്ദേശം മനസ്സിലാക്കാനോ അതേക്കുറിച്ച് ചിന്തിക്കാനോ അൽപവും മിനക്കെടാതെ ഖുറൈശി നിഷേധികൾ പ്രതികരിച്ചതിങ്ങനെയായിരുന്നു: നീ ദൈവദൂതനാണെങ്കിൽ മൂസാ നബിക്കുണ്ടായിരുന്നതുപോലെ ഒരത്ഭുത വടി നിന്റെ കൈയിലില്ലാത്തതെന്താണ്? അല്ലെങ്കിൽ ഈസാ നബി പക്ഷിപ്രതിമകളെ പറപ്പിച്ചപോലെ, അന്ധന് കാഴ്ച നൽകിയപോലെ, കുഷ്ഠരോഗിയെയും പാണ്ഡുരോഗിയെയും സുഖപ്പെടുത്തിയതുപോലെ നീയും ചെയ്യാത്തതെന്താണ്? നീ ഓതുന്നതു വേദമാണെന്നു ഞങ്ങൾ വിശ്വസിക്കണമെങ്കിൽ ഇതാ ഇവിടെ ഭൂമിയിൽനിന്നൊരു നീരുറവ പൊട്ടിയൊഴുക്കി കാണിച്ചുതന്നാട്ടെ. അല്ലെങ്കിൽ ഈത്തപ്പനയും മുന്തിരിയും നിറഞ്ഞ ഒരു തോട്ടമുണ്ടാവട്ടെ, അതിലൂടെ ഒരു നദി ഒഴുകുകയും വേണം. അതുമല്ലെങ്കിൽ ആകാശം ഖണ്ഡംഖണ്ഡമായി താഴെ വീഴ്ത്തിക്കാണിക്കുക. അല്ലെങ്കിൽ നിനക്ക് ഒരു കനകക്കൊട്ടാരമുണ്ടായിക്കാണട്ടെ. ഈ വക ദൃഷ്ടാന്തങ്ങളിൽ ഏതെങ്കിലുമൊന്ന് തെരഞ്ഞെടുത്ത് ഉണ്ടാക്കിക്കാണിക്കുന്നില്ലെങ്കിൽ നീ പ്രവാചകനാണെന്നോ നിന്റെ വചനങ്ങൾ വേദമാണെന്നോ ഞങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല.

ഒരു കൂട്ടത്തിൽനിന്ന് ചിലത് തെരഞ്ഞെടുക്കുക എന്നർഥമുള്ള اجتباء-ൽനിന്നുള്ള ക്രിയയാണ് اجتبيت. പുഛത്തിന്റെയും പരിഹാസത്തിന്റെയും പശ്ചാത്തലത്തിൽ ഈ വാക്ക് കെട്ടിച്ചമക്കുക, കൃത്രിമമായി നിർമിക്കുക എന്ന അർഥത്തിലും ഉപയോഗിക്കുന്നു. ഈയടിസ്ഥാനത്തിൽ ചില ഖുർആൻ വ്യാഖ്യാതാക്കൾ اَجْتَبَيْتَهَا-ക്ക് اختلقتها–افتريتها (കൃത്രിമമായി സൃഷ്ടിച്ചു, കെട്ടിച്ചമച്ചു) എന്ന് അർഥം നൽകിയിരിക്കുന്നു. ഖുർആനിനെ കുറിച്ച് മുശ്‌രിക്കുകളുടെ മനസ്സിലിരിപ്പ് ഇങ്ങനെയായിരുന്നു: മുഹമ്മദ് പുരാണേതിഹാസങ്ങളും ജോത്സ്യമന്ത്രങ്ങളും പൂർവവേദങ്ങളും വേദക്കാരുടെ കഥകളുമെല്ലാം ധാരാളം കേട്ടുപഠിച്ചിട്ടുണ്ട്. അവയിൽനിന്ന് തനിക്കിഷ്ടപ്പെട്ടതൊക്കെ തെരഞ്ഞെടുത്ത് കൂട്ടിക്കെട്ടി ചില വചനങ്ങളുണ്ടാക്കി അതു ദൈവിക വെളിപാടുകളാണെന്നു പറഞ്ഞ് നമ്മെ കേൾപ്പിക്കുകയാണ്. പക്ഷേ, ദൈവം വെളിപാടു നൽകുന്ന പ്രവാചകന്മാർ പല പല ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്താറുണ്ടായിരുന്നു. വാക്കുകൾ പെറുക്കിയെടുത്ത് കൂട്ടിക്കെട്ടി കൊണ്ടുവരുന്നതുപോലെ ദൃഷ്ടാന്തങ്ങൾ സംഘടിപ്പിച്ചു കൊണ്ടുവരാൻ പറ്റില്ലല്ലോ. അതുകൊണ്ടാണയാൾ ദൃഷ്ടാന്തങ്ങളൊന്നും കൊണ്ടുവരാത്തത്. വേദത്തോടൊപ്പം ദൃഷ്ടാന്തം കൊണ്ടുവരാതിരിക്കാൻ മറ്റെന്തു ന്യായം?

ഈ പരിഹാസോക്തികൾക്ക് അല്ലാഹുവിന്റെ നിർദേശമനുസരിച്ച് പ്രവാചകൻ നൽകുന്ന മറുപടിയാണ് قُلْ إِنَّمَآ أَتَّبِعُ എന്നു തുടങ്ങുന്ന വാക്യം. സഗൗരവവും അർഥപൂർണവുമാണീ മറുപടി. നിങ്ങൾ എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളുക. അല്ലാഹു എനിക്ക് നൽകുന്ന വെളിപാടുകളെ പിന്തുടരുക മാത്രമാണ് ഞാൻ ചെയ്തുകൊണ്ടിരിക്കുന്നത്. അതേ എനിക്കു ചെയ്യാനുള്ളൂ. നിങ്ങളാവശ്യപ്പെടുന്നതൊക്കെ നൽകുക എന്റെ കഴിവിൽപെട്ടതല്ല. ഞാനതിന് ചുമതലപ്പെടുത്തപ്പെട്ടിട്ടുമില്ല. നേരത്തേ അവിവേകികളെ അവഗണിക്കാൻ ഉപദേശിച്ചിട്ടുണ്ടല്ലോ. ആ അവഗണനയുടെ പ്രായോഗിക മാതൃകയുമാണിത്. അതായത് അവിവേകികളുടെ കുതർക്കങ്ങളെയും കുചേഷ്ഠിതങ്ങളെയും പുഛത്തെയും പരിഹാസത്തെയുമാണ് അവഗണിക്കേണ്ടത്. യാഥാർഥ്യങ്ങൾ സരളവും കാര്യമാത്രപ്രസക്തവുമായ ശൈലിയിൽ വിശദീകരിച്ചുകൊടുക്കണം.

بصيرة ന്റെ ബഹുവചനമാണ് بَصَآئِرُ. ഉൾക്കാഴ്ച, ദൂരക്കാഴ്ച, ക്രാന്തദൃഷ്ടി, ധിഷണാ വൈഭവം തുടങ്ങിയ അർഥങ്ങളിൽ ഈ പദം ഉപയോഗിക്കുന്നു. യാഥാർഥ്യം വെളിവാകുന്നതെന്തു കൊണ്ടാണോ - مابه اتضاح الحق - അതാണ് മൗലികമായ അർഥത്തിൽ بصيرة. ഇവിടെ بَصَآئِرُ കൊണ്ടുദ്ദേശിച്ചിട്ടുള്ളത് യാഥാർഥ്യങ്ങളെ പ്രകാശിപ്പിക്കുന്ന ഖുർആൻ സൂക്തങ്ങളാണ്. ദൈവിക സൂക്തങ്ങളുടെ യാഥാർഥ്യമറിയാൻ ദൃഷ്ടാന്തം അന്വേഷിക്കുന്നവർ വാസ്തവത്തിൽ അതന്വേഷിക്കേണ്ടത് ഈ സൂക്തങ്ങളിൽ തന്നെയാണ്. യാഥാർഥ്യജ്ഞാനത്തിന്റെ പ്രകാശനങ്ങളാണീ സൂക്തങ്ങൾ. ഗൗരവപൂർവം സമീപിക്കുന്നവർക്ക് ഈ സൂക്തങ്ങൾ തന്നെ മതിയായ ദൃഷ്ടാന്തങ്ങളാണ്. യാഥാർഥ്യം അംഗീകരിക്കാനും വിശ്വസിക്കാനും സന്നദ്ധതയുള്ളവർക്ക് അത് സന്മാർഗദർശകവും ദൈവകാരുണ്യവുമായി ഭവിക്കുന്നു. ●